**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1355** — **06-03-2020-ൽ മറുപടിക്ക്**

## കർഷകരുടെ വായ്പ കിട്ടാക്കടമായി പ്രഖ്യാപിക്കുന്ന ബാങ്ക്നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ. ജോസഫ്<br>ശ്രീ.സി.എഫ്. തോമസ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംഭരിച്ച നെല്ലിന്റെ പണം നൽകാത്തത് കാരണം ബാങ്കുകൾ കർഷകർക്ക് വായ്പ നിർത്തി വച്ചിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; | (എ) | നടപടി സ്വീകരിച്ച് വരുന്നു.<br><br>Paddy Reciept Scheme പ്രകാരം ബാങ്കുകൾ കർഷകർക്ക് നൽകിയിട്ടുള്ള വായ്പകൾ 2020 മാർച്ച് 31 നകം തിരിച്ചടക്കുമെന്ന്, 22.01.2020 ന് ഭക്ഷ്യപൊതുവിതരണ, കൃഷി വകുപ്പ് മന്ത്രിമാർ ബാങ്കേഴ്സ് സമിതി പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ തീരുമാനമാകുകയും പ്രസ്തുത തീരുമാനത്തിന്റെ വെളിച്ചത്തിൽ ബാങ്കുകൾ തുടർന്നും കർഷകർക്ക് വായ്പ നൽകിവരുന്നുണ്ട്. |
| (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പണം നൽകാൻ വൈകുന്നതിനാൽ കർഷകരെടുത്ത മറ്റുവായ്പകളും കിട്ടാക്കടമായി പ്രഖ്യാപിക്കുന്ന ബാങ്കുകളുടെ നടപടിയിൽ അടിയന്തരമായി ഇടപെട്ട് കർഷകരെ രക്ഷിക്കുമോ എന്നറിയിക്കാമോ; | (ബി) | നെല്ലിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവില ലഭിക്കാൻ വൈകുന്ന സാഹചര്യത്തിൽ സംഭരണ വില ബാങ്കുകൾ കർഷകർക്ക് പി.ആർ.എസ് വായ്പയായി നൽകിയ തുക നിശ്ചിത സമയത്ത് അടയ്ക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കാത്ത സാഹചര്യം ഉണ്ടാകുകയും വായ്പ നിഷ്ക്രിയ ആസ്തി (എൻ.പി.എ) ആകുകയും ചെയ്യു. ആയത് പരിഹരിക്കുന്നതിനായി 22-01-2020 ൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ബാങ്കുകളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി വിളിച്ച് ചേർത്ത മന്ത്രിതല യോഗത്തിൽ 2020 മാർച്ച് 31-ാം തീയതിക്കകം പി.ആർ.എസ് കുടിശ്ശിക തിരിച്ചടക്കാമെന്ന് ഉറപ്പ് നൽകുകയും, കാർഷിക വായ്പയ്ക്കുള്ള മൊറട്ടോറിയം 31-03-2020 വരെ നിലനിൽക്കുന്ന സാഹചര്യത്തിൽ റിസർവ്വ് ബാങ്കിന്റെ അനുമതിയ്ക്ക് വിധേയമായി മൊറട്ടോറിയം കാലാവധി പി.ആർ.എസ് വായ്പയ്ക്ക് കൂടി ബാധകമാക്കാവുന്നതും, എൻ.പി.എ യിൽ നിന്ന് കർഷകരെ ഒഴിവാക്കി പി.ആർ.എസ് സ്വീകരിക്കുവാനും തുടർ വായ്പ , നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കർഷകർക്ക് പുതിയ വായ്പകൾ ബാങ്കുകൾ നിർത്തി വച്ചിരിക്കുന്ന സാഹചര്യം ബാങ്കേഴ്സ് സമിതിയിൽ ഉന്നയിച്ച് പരിഹാരം കണ്ടെത്തുമോ; | (സി) | 2020 മാർച്ച് 31-ാം തീയതിക്കകം പി.ആർ.എസ് ലോൺ കുടിശ്ശിക തിരിച്ചടയ്ക്കണമെന്ന് ഉറപ്പ് നൽകിയതിന്റെ പശ്ചാത്തലത്തിലും, മൊറട്ടോറിയം 31-03-2020 വരെ നിലനിൽക്കുന്ന സാഹചര്യത്തിൽ റിസർവ്വ് ബാങ്കിന്റെ അനുമതിയ്ക്ക് വിധേയമായി മൊറട്ടോറിയം കാലാവധി പി.ആർ.എസ് വായ്പയ്ക്ക് കൂടി ബാധകമാക്കാവുന്നതാണെന്നും, എൻ.പി.എ യിൽ നിന്ന് കർഷകരെ ഒഴിവാക്കി പി.ആർ.എസ് സ്വീകരിക്കുവാനും തുടർ വായ്പ നൽകുവാനും 22-01-2020 ന് ചേർന്ന മന്ത്രിതല യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.<br>കർഷകർക്ക് തുടർന്നും പുതിയ വായ്പകൾ ബാങ്കുകൾ നല്കിവരുന്നുണ്ട്. |
| (ഡി) | നെല്ല് സംഭരണത്തിന് അനുവദിക്കുന്ന ബാങ്ക് വായ്പകളുടെ കാലാവധി ഒരു വർഷമായി ദീർഘിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ? | (ഡി) | 21-12-2019 ലെ ജി.ഒ. (ആർ.ടി) 535/2019/എഫ്&സി.എസ് പ്രകാരം നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പി.ആർ.എസ് വായ്പ തുകയുടെ തിരിച്ചടവ് 1 വർഷമായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.<br>ബാങ്കുകൾ സപ്ലൈകോ യുമായി ഉണ്ടാക്കിയിട്ടുള്ള ഉടമ്പടിക്കരാർ പ്രകാരം നിലവിലുള്ള നെല്ല് സംഭരണത്തിനുള്ള വായ്പാ കാലാവധി 6 മാസമാണ്.<br>നിലവിൽ ഒരു വർഷത്തേക്കാണ് നെല്ല് സംഭരണത്തിന് സംസ്ഥാന സഹകരണ ബാങ്ക് വായ്പ അനുവദിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ